**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1273** **30-08-2022 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജ് ചുറ്റുമതിൽ നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷം ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻഫണ്ടിൽ നിന്നും എഴ് കോടി മുപ്പത്തിനാല് ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതും പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം പ്രവൃത്തി നടത്തുന്നതുമായ തലശ്ശേരി ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമാണത്തിനുള്ള സാങ്കേതിക അനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള contour plotting, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിനുള്ള investigation എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം സ്ട്രക്ചറൽ ഡിസൈനും പൂർത്തിയാക്കി, പദ്ധതിയുടെ സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുശേഷം ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | 02.09.2021-ലെ സ.ഉ(സാധാ) നം.1147/2021/ ഉ.വി.വ പ്രകാരം ഭരണാനുമതി ലഭ്യമായി. പ്രസ്തുത പ്രവൃത്തിയ്ക്കുള്ള സൈറ്റ് കുന്നിൻ പ്രദേശമായതിനാൽ ചില സ്ഥലങ്ങളിൽ retaining wall ആവശ്യമായി വരുന്നുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് Contour map ആവശ്യമാണ്. ആയതിനാൽ മണ്ണ് പരിശോധനയ്ക്കും, Contour map തയ്യാറാക്കുന്നതിനും വേണ്ടിയുള്ള investigation estimate തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ